**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 254** **23-01-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ശിശുക്ഷേമ സമിതിയുടെ തിരുവനന്തപുരത്തെ ദത്തെടുക്കൽ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ശിശുക്ഷേമ സമിതിയുടെ തിരുവനന്തപുരത്തെ ദത്തെടുക്കൽ കേന്ദ്രത്തിൽ ആയമാർ കുട്ടികളെ ക്രൂരമായി പീഡിപ്പിക്കുന്നതായ പരാതി ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. ബാലനീതി നിയമം നിഷ്കർഷിക്കുന്ന പ്രകാരമുള്ള നിയമ നടപടികൾ പ്രസ്തുത കേസിൽ ശിശുക്ഷേമ സമിതിയിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആയമാരായി നിയമിക്കപ്പെടുന്നവർക്ക് മതിയായ യോഗ്യതയോ പ്രവൃത്തിപരിചയമോ ഉണ്ടോ എന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ബാലനീതി നിയമം 2015 (പരിപാലനവും സംരക്ഷണവും) ആക്ട് ചൈൽഡ് കെയർടേക്കർമാർക്കായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്കു പുറമെ പ്ലസ്ടു/പ്രീഡിഗ്രി അടിസ്ഥാന യോഗ്യതയായി ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധിതമാക്കി ഉത്തരവു നൽകുകയും ആയത് പാലിക്കുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | ആയമാരുടെ നിയമനത്തിൽ കൃത്യമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിനും സേവനതൽപരത പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ബാലനീതി നിയമപ്രകാരം 6 വയസ്സിൽ താഴെയുള്ള കുട്ടികളെ സംരക്ഷിക്കുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയ SOP തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ